(ബി) ഇല്ല. സിവിൽ സർജൻ, നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - I എന്നീ വിഭാഗങ്ങളിൽ ഒന്നുവീതം ഒഴിഞ്ഞുകിടക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാവശ്യമായ നടപടിയെടുക്കുന്നതാണ്.

നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

71 (3502) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രി യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട പദ്ധതി നിർദ്ദേശം ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 2015-16-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സെറ്റിംഗ് അപ് ഓഫ് ഡയാലിസിസ് യൂണിറ്റിന് 710 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ഡെങ്കിപ്പനി തടയാൻ നടപടി

72 (3503) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി പോലെയുള്ള പനികൾ വ്യാപകമായി പടർന്ന് പിടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ എത്രപേർ പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പനി നിയന്ത്രിക്കുന്നതിന് ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ രണ്ട് പേർ ഡെങ്കിപ്പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശങ്ങൾ

1) ബാലകൃഷ്ണൻ - 30 വയസ്സ്

S/o. ചെനിയ, പെർഡാല, എസ്.ടി. കോളനി, ബദിയടുക്ക.

11-6-2013-ന് കാസർഗോഡ് ജനറൽ ആശുപത്രിയിൽ വച്ചാണ് മരണപ്പെട്ടത്.

2) മോഹനൻ - 28 വയസ്സ്

S/o. വെളുങ്ങൻ, നെച്ചിപ്പടുപ്പ്, കാറഡുക്ക.

14-6-2015-ന് മംഗലാപുരം ഫാദർ മുള്ളേഴ്സ് ആശുപത്രിയിൽ വെച്ച് മരണപ്പെട്ടു.

എച്ച്. 1 എൻ 1 പനി ബാധിച്ച് 3-7-2015-ന് ജില്ലയിൽ ഒരാൾ മരണപ്പെട്ടിട്ടുണ്ട്. മംഗലാപുരം കെ.എം.സി. ഹോസ്പിറ്റലിൽ വച്ചാണ് മരണപ്പെട്ടത്.

വിശദാംശങ്ങൾ

കനകസുധ - 33 വയസ്സ്

W/o. കുമാരൻ, പാലിൻ ഹൗസ്, മുത്തനടുക്കം, പെരിയ.

(സി) സ്വീകരിച്ചിട്ടുണ്ട്. പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ സർക്കാർ ആശുപത്രികളിലെ ഒ.പി. സമയം ദീർഘിപ്പിച്ചു. ആവശ്യമുള്ള പ്രദേശങ്ങളിൽ പനി ക്ലിനിക് സംഘടിപ്പിച്ചു. ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികളിൽ പനി വാർഡുകൾ തുറന്നു. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ ഫോഗിങ്ങ്, സ്പ്രേയിംഗ്, ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കൽ, ക്ലോറിനേഷൻ, അന്യദേശ തൊഴിലാളികളുടെ വാസസ്ഥലങ്ങൾ സന്ദർശിച്ച് രക്തപരിശോധന, കൊതുകനശീകരണം, ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ എന്നിവ നടത്തി. ജില്ലാ-ബ്ലോക്ക്/ പഞ്ചായത്ത്/വാർഡുതല മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ഫീൽഡ് വിഭാഗം ജീവനക്കാർ വീടുവീടാന്തരം ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മരുന്നുകൾ, അനുബന്ധ സാധനങ്ങൾ, കൊതുകുനാശിനികൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്നും മറ്റ് അനുബന്ധ സാധന സാമഗ്രികളും ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly